**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4000** **15-07-2022 - ൽ മറുപടിയ്ക്ക്**

**ഗ്രാമസഭാ പോർട്ടൽ ഓൺലൈൻ പ്ലാറ്റ്ഫോം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ ഒ . ആർ. കേളു,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീമതി ഒ എസ് അംബിക | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഗ്രാമസഭയിലെ ജനപങ്കാളിത്തവും സംവാദാത്മകതയും ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ഗ്രാമസഭാ പോർട്ടൽ എന്ന ഓൺലൈൻ പ്ലാറ്റ്ഫോം വികസിപ്പിച്ചിട്ടുണ്ടോ; പൊതുജനങ്ങൾക്ക് പ്രദേശത്തിന്റെ വികസന ക്ഷേമ പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള നിർദ്ദേശങ്ങളും വസ്തുതകളും സമർപ്പിക്കുന്നതിന് പ്രസ്തുത പോർട്ടലിൽ സംവിധാനം ഉണ്ടോ; മറ്റെന്തെല്ലാം കാര്യങ്ങളാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്; വിശദമാക്കാമോ; | (എ) | ഗ്രാമസഭാ പോർട്ടൽ എന്ന ഓൺലൈൻ പ്ലാറ്റ്ഫോംവികസിപ്പിച്ചിട്ടുണ്ട്. നിലവിലെ ഗ്രാമസഭാപോർട്ടലിൽ നിർദ്ദേശങ്ങളും വസ്തുതകളും സമർപ്പിക്കുന്നതിന് സംവിധാനം ഉണ്ട്. നിലവിലെ ഗ്രാമസഭാപോർട്ടൽ പ്ലാറ്റ്ഫോമിൽ ഓൺലൈനായി ഗ്രാമസഭകൾ കൂടുന്നതിനും അറ്റൻഡൻസ് ഉൾപ്പെടെയുള്ള സംവിധാനങ്ങൾ വോട്ടർ ലിസ്റ്റുമായി സംയോജിപ്പിച്ച പ്രവാസികൾ ഉൾപ്പെടെയുള്ള പൊതുജങ്ങൾക്ക് ലോകത്തെവിടെനിന്നും ഗ്രാമസഭകളിൽ പങ്കെടുത്തു വികസന ക്ഷേമ പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള നിർദ്ദേശങ്ങളും വസ്തുതകളും ഉന്നയിക്കാൻ കഴിയത്തക്ക വിധത്തിൽ മാറ്റങ്ങൾ വരുത്തുന്നതിനുള്ള സോഫ്റ്റ്‌വെയർ വികസനപ്രവർത്തനങ്ങൾ നടന്നുവരുന്നു |
| (ബി) | ഗ്രാമ പഞ്ചായത്തുകളുടെ സേവനം എല്ലാവരിലും എത്തിക്കുന്നതിന്റെ ഭാഗമായി വാർഡ് തലത്തിൽ ഗ്രാമസേവ കേന്ദ്രങ്ങൾ രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിലൂടെ എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദാംശം ലഭ്യമാക്കുമോ? | (ബി) | സ.ഉ(എം.എസ്)നം 112/2014/തസ്വഭവ തീയതി 25.06.2014 ലെ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഗ്രാമ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമസഭ/ വാർഡ് അംഗങ്ങളുടെ ഒത്തുചേരലിനും കാര്യക്ഷമമായ തുടർ പ്രവർത്തനങ്ങൾക്കും സേവനങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ടിയുള്ള ആസ്ഥാനമായിരിക്കും ഗ്രാമ കേന്ദ്രം, ഗ്രാമപഞ്ചായത്തുകളിൽ "സേവാഗ്രാം ഗ്രാമകേന്ദ്രം എന്നാണ് ഗ്രാമ കേന്ദ്രത്തിനെ അറിയപ്പെടുക ഗ്രാമസഭകളുടെ ആസ്ഥാനമെന്ന നിലയിൽ ഗ്രാമസഭ സംഘാടനത്തിനും വാർഡിൽ നടക്കുന്ന ഭരണ, വികസന, ക്ഷേമ, സേവന, സാംസ്കാരിക, സാമൂഹ്യ പ്രവർത്തനങ്ങൾ കൂട്ടായി ചർച്ച ചെയ്യുന്നതിനും വിലയിരുത്തുന്നതിനും ക്രോഡീകരിക്കുന്നതിനും മോണിറ്റർ ചെയ്യുന്നതിനും |

| | | | |
|---|---|---|---|
| | | | അവ നടപ്പാക്കുന്നതിൽ വാർഡ് വികസന സമിതിയെ സഹായിക്കുന്നതിനും വേണ്ടിയുള്ള വികേന്ദ്രീകൃത ഭരണ സേവന കേന്ദ്രമായി ഗ്രാമകേന്ദ്രം പ്രവർത്തിക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ